പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 329 — 10.12.2012 ൽ മറുപടിക്ക്

## ക്വാറി ഉല്പന്നങ്ങളും മണലും കൊണ്ടുപോകുന്ന ലോറികൾക്ക് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ക്വാറി ഉല്പന്നങ്ങളും മണലും കൊണ്ടു പോകുന്ന ലോറികൾക്കും മറ്റ് വലിയ വാഹനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ; | (എ) യും (ബി) യും: മണൽ , ക്വാറി ഉൽപ്പന്നങ്ങൾ കൊണ്ടു പോകുമ്പോൾ പൊടിശല്യവും മറ്റും ഒഴിവാക്കുന്നതിനായി വാഹനത്തിന്റെ മുകൾഭാഗം മൂടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടിപ്പർലോറികൾക്ക് രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരേയും സമയ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തിൽ ജില്ലാ കളക്ടർമാരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് പാലിക്കേണ്ടത്; വിശദാംശം നൽകുമോ; | (സി) 1988-ലെ മോട്ടോർ വാഹന നിയമങ്ങൾക്കും, 1989 ലെ കേന്ദ്ര, കേരള മോട്ടോർ വാഹനചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് ക്വാറി ഉൽപ്പന്നങ്ങളും മണലും കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് ലൈസൻസ് നൽകുന്നത്. ഹെവി ഗുഡ്സ് വാഹനങ്ങൾക്കും ടിപ്പർലോറികൾക്കും രജിസ്ട്രേഷൻ അനുമതി നൽകുന്നതിന് സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടായിരിക്കണം. എല്ലാ ഗുഡ്സ് വാഹനങ്ങളും ഫിറ്റ്നസ് സർട്ടിഫിക്കറ്റും, 3500 കിലോ ഗ്രാമിൽ കൂടുതൽ അൺലാഡൻ വെയിറ്റുള്ള വാഹനങ്ങൾ പെർമിറ്റും എടുത്തി |

| | | | |
|---|---|---|---|
| | | | രിക്കണം. കൂടാതെ ക്വാറി ഉൽപ്പന്നങ്ങളും സാധാരണ മണലും കൊണ്ടുപോകുന്ന വാഹനങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകുന്ന പാസോടുകൂടിയും പുഴ മണൽ കൊണ്ടുപോകുന്ന വാഹനങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി, ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരുടെ പാസ്സോടുകൂടിയും മാത്രമേ നിരത്തിലിറക്കുവാൻ പാടുള്ളൂ. |
| (ഡി) | സ്ക്കൂൾ-ഓഫീസ് സമയങ്ങളിൽ പ്രസ്തുത വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | എ, ബി പിരിവുകളുടെ ഉത്തരം കണ്ടാലും |



സെക്ഷൻ ഓഫീസർ